## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 612 | 8.3.2012-ലെ മറുപടിക്ക് |
|---|---|

### മനോരോഗികൾക്കുള്ള പുനരധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) മാനസിക രോഗികൾക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് ചട്ടമുണ്ടാക്കണമെന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് ചട്ടങ്ങളുടെ അഭാവം നിലനിൽക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | ബി) പരിശോധിച്ചിട്ടുണ്ട്. നിലവിലുള്ള Mental Health Act 1987 -ലെ Section 2(ii) പ്രകാരം മാനസികരോഗികളെ ചികിത്സിക്കുകയോ പരിചരിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങളെല്ലാം മനോരോഗ ചികിത്സാ കേന്ദ്രങ്ങളുടെ പരിധിയിൽ വരും. State Mental Health Rules 1990 -ലെ റൂൾ 22 -ൽ ആണ് മനോരോഗ ചികിത്സാ കേന്ദ്രങ്ങൾക്ക് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളത്. ടി റൂൾസിന്റെ വ്യവസ്ഥകളിൽ മനോരോഗ ചികിത്സാ ആശുപത്രികൾ മുതൽ മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾ വരെ ഉള്ള എല്ലാത്തരം സ്ഥാപനങ്ങൾക്കും ഒരേ അടിസ്ഥാന സൗകര്യങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്. മനോരോഗ പുനരധിവാസ കേന്ദ്രങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ച് പ്രത്യേകം പരാമർശിച്ചിട്ടില്ല. ഈ കാര്യത്തിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുന്നതിനായി തയ്യാറാക്കിയ State Mental Health |

| | |
|---|---|
| | Rules, Mental Health Act -ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കേന്ദ്ര സർക്കാരിന്റെ അനുമിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി റൂൾസിൽ പലതരം സ്ഥാപനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. |
| സി) സർക്കാരിന്റെ കീഴിൽ നിലവിലുള്ള മാനസികാരോഗ്യ അതോറിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന പരാമർശമുണ്ടായ സാഹചര്യത്തിൽ അതിന്റെ പ്രവർത്തനത്തെക്കുറിച്ച് പരിശോധിക്കുമോ; | സി) മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ ചുമതലകളും കാര്യക്ഷമതയോടെയും ഉത്തരവാദിത്വത്തോടെയും നടപ്പിലാക്കി വരുന്നു. സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള ഉത്തരവാദിത്വം മെന്റൽ ഹെൽത്ത് അതോറിറ്റിയ്ക്കാണ്. നിലവിലുള്ള Mental Health Rules 1990 -ലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രായോഗികമായ State Mental Health Rules രൂപീകരിക്കുകയും Mental Health Act 1987 -ലെ Section 94(2) ലെ വ്യവസ്ഥകൾക്ക് അനുസൃതമായി കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതി ലഭിയ്ക്കുന്നതിനുള്ള കാലതാമസം മൂലമാണ് ലൈസൻസ് നൽകുവാനുള്ള നടപടികൾ വൈകിയത്. ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലാത്ത ടി റൂൾസിലെ വ്യവസ്ഥകളും Mental Health Act 1987 -ലെ വ്യവസ്ഥകളും അടിസ്ഥാനപ്പെടുത്തി ഒരു മാർഗരേഖ (Guidelines) തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ലൈസൻസിംഗ് തുടങ്ങി കഴിഞ്ഞു. ഇനിയും ലൈസൻസിന് അപേക്ഷിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൻെയും ആഭ്യന്തര വകുപ്പിന്റെയും സഹായം തേടിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അവയേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണ്. |
| ഡി) സംസ്ഥാനത്ത് സർക്കാരിന്റെ കീഴിലും സ്വകാര്യ, സാമൂഹ്യ സംഘടനാ മേഖലകളിലും പ്രവർ | തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് Mental Health |

| | |
|---|---|
| ത്തിക്കുന്ന കേന്ദ്രങ്ങളിൽ മാനസിക രോഗികൾക്കുണ്ടാകുന്നതായി ആരോപിക്കപ്പെടുന്ന പീഡനം അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | Act 1987 -ലെ വ്യവസ്ഥകൾക്ക് അനുസൃതമായി 5 അംഗങ്ങളിൽ കുറയാതെയുള്ള Board of Visitors രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ജില്ലാ ജഡ്ജിയുടെ കീഴിലും മോണിറ്ററിംഗ് കമ്മറ്റികളും പ്രവർത്തിച്ചു വരുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മാനസിക ആരോഗ്യ സ്ഥാപനങ്ങൾ Mental Health Act 1987 പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം ലൈസൻസ് നൽകിവരുന്നു. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി മേൽ പറഞ്ഞ പ്രകാരമുള്ള Board of Visitors രൂപീകരിക്കുന്നതാണ്. കൂടാതെ ഇത്തരം സ്ഥാപനങ്ങളിൽ കാലാകാലങ്ങളിൽ പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിനായി എല്ലാ ജില്ലകളിലും Psychiatric Inspecting Officers-നെ നിയമിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന മുറയ്ക്ക് Board of Visitors രൂപീകരിക്കുകയും സ്ഥാപനങ്ങളെ Inspecting Officers -ന്റെ നിരീക്ഷണത്തിനു വിധേയമാക്കുന്നതുമാണ്. |
| ഇ) സ്വത്തിനുവേണ്ടിയും മറ്റു സ്വാർത്ഥനേട്ടങ്ങൾക്കുവേണ്ടിയും മാനസികരോഗികളല്ലാത്തവരെ, മാനസികരോഗികളാണെന്നുകാട്ടി തടവിലിടുന്നതിന് ചില പുനരധിവാസ കേന്ദ്രങ്ങൾ ഒത്താശ ചെയ്യുന്നതായ ആരോപണങ്ങളുടെ സത്യാവസ്ഥ കണ്ടെത്താൻ സംവിധാനമുണ്ടാക്കുമോ? | ഇ) ഇത്തരം സംഭവങ്ങളെപ്പറ്റി പരാതികൾ ലഭിക്കുകയോ Psychiatric Inspecting Officers -ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ചെയ്യുന്ന പക്ഷം ഉചിതമായ നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്. Psychiatric Inspecting Officers -ന് ഇതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇത്തരം സംഭവങ്ങൾ ലൈസൻസിംഗ് അതോറിറ്റിയായ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ റിപ്പോർട്ട് ചെയ്യാൻ ആവശ്യമായ ബോധവത്കരണം മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ